**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1127** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഭൂനിയമങ്ങളിൽ സമഗ്രമായ പരിഷ്കരണത്തിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഭൂപരിവർത്തനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം പരിഷ്കരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത വിഷയം സർക്കാർ പരിഗണിച്ചു വരുന്നു.

**(ബി)** പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഭൂമിതരം മാറ്റം അപേക്ഷകളുടെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി ആർ. ഡി. ഒ. മാർ/ സബ് കളക്ടർമാർ/ ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർമാർ എന്നിവരുടെ അവലോകന യോഗം ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

**(സി)** ഭൂമി സംബന്ധമായി നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് വേണ്ട പഠനങ്ങളും പരിശോധനകളും നടത്താൻ ഒരു കമ്മീഷൻ രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നല്കാമോ?

**<u>മറുപടി:</u>** പ്രസ്തുത വിഷയം സർക്കാർ പരിഗണിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**